(ബി) എങ്കിൽ എന്തൊക്കെ ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) സഹകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ലളിതവും കാര്യക്ഷമവുമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ല.

(സി) പരിഗണനയിലുണ്ട്. ഒരേ രോഗത്തിന് സർക്കാർ ആശുപത്രിയിലേയും സഹകാര്യ ആശുപത്രിയിലേയും ചികിത്സാചെലവിന്റെ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദനീയമായ തുക ഏകീകരിക്കുന്നകാര്യം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

സർക്കാർ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾക്കുവേണ്ടി ചെലവാക്കിയ തുക

11 [189] *ശ്രീ. കെ. ബാബു:*
" *എ. കെ. മണി:*
" *വി. ജെ. പൗലോസ്:*
" *ടി. യു. രാധാകൃഷ്ണൻ:*
" *എം.മുരളി:* താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05-ൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം എത്രയായിരുന്നു;

(ബി) അതിൽ നിന്ന് സർക്കാർ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾക്കു വേണ്ടി ഒട്ടാകെ എന്തു തുക ചെലവാക്കി; ഇതു സംസ്ഥാന റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ്;

(സി) നിലവിലുള്ള ശമ്പള കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ശുപാർശകളിൽ ഒന്നാം ഭാഗത്തിൽ രണ്ടാമത്തെ ചോദ്യത്തിൽ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, അലവൻസ് ഇനത്തിൽ സംസ്ഥാനത്തിന്റെ ആകെ വരുമാനത്തിന്റെ 30.19 ശതമാനമാണ് ചെലവാകുന്നതെന്ന് പറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭ്യമായ താല്കാലിക കണക്കുകൾ പ്രകാരം 2004-05-ലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 13488.87 കോടി രൂപയാണ്.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളത്തിനും അലവൻസുകൾക്കുമായി 2004-2005 സാമ്പത്തിക വർഷത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2004-05-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ ആകെ വരുമാനം 19,415.76 കോടി രൂപയാണ്. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിനും അലവൻസുകൾക്കുമായിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് 5,860.24 കോടി രൂപയുമാണ്. ഇത് ആകെ വരുമാനത്തിന്റെ 30.19 ശതമാനത്തോളമാണ്.

വിവിധ ക്ഷേമ പദ്ധതി പ്രകാരമുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

12 [190] *ശ്രീ. മത്തായി ചാക്കോ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് വിതരണം ചെയ്യേണ്ട പെൻഷൻ മാസങ്ങളായി കുടിശ്ശികയായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ ക്ഷേമ പദ്ധതികൾ പ്രകാരമുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിവിധ ക്ഷേമ പദ്ധതികളനുസരിച്ച് ഓരോ പെൻഷൻ പദ്ധതിക്കളിലുമായി എത്ര മാസത്തെ കുടിശ്ശിക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) അവ ഓരോന്നും വിതരണം ചെയ്യുന്നതിന് എന്തു തുക വീതം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക തീർത്ത് പെൻഷൻ തുക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly